പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1903 — 15/07/2016 ൽ മറുപടിക്ക്

**ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ ശോച്യാവസ്ഥ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ** | അഡ്വ കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |
| **എ)** ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ നിലവിലെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിന്റെ പ്രവർത്തനം ഇപ്പോൾ തൃപ്തികരമാണ്. |
| **ബി)** ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ പുരോഗതിക്കാവശ്യമായ റിവോൾവിംഗ് ഫണ്ട്, ജീവനക്കാർ, മറ്റ് ഘടകങ്ങൾ എന്നിവ സജ്ജീകരിച്ച് പ്രസ്തുത ഹാച്ചറിയെ ശോച്യാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | **ബി)** ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലെ ഫീഡ് കോമ്പൗണ്ടിംഗ് ഫാക്ടറിയുടെ പ്രവർത്തനത്തിന് ആവശ്യമായ റിവോൾവിംഗ് ഫണ്ട് അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യുന്നതിന് 2006-07 വർഷത്തിനുശേഷം അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരം ലഭിക്കാത്തതിനാൽ ഓപ്പറേറ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ഫീഡ് കോമ്പൗണ്ടിംഗ് ഫാക്ടറിയുടെ പ്രവർത്തനത്തിന് ആവശ്യമായ തീറ്റ ഘടക പദാർത്ഥങ്ങൾ കേരളാ സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപറേഷനിൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആവശ്യത്തിനുള്ള ജീവനക്കാർ ഇപ്പോൾ സെൻട്രൽ ഹാച്ചറിയിൽ ലഭ്യമാണ്. |
| **സി)** ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ ഇപ്പോൾ പ്രവർത്തനയോഗ്യമല്ലാത്ത കെട്ടിടങ്ങളും സ്ഥലങ്ങളും പ്രയോജനപ്പെടുത്തി വെറ്ററിനറി കോളേജ് ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | **സി)** ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ ഇപ്പോൾ പ്രവർത്തനയോഗ്യമല്ലാത്ത കെട്ടിടങ്ങൾ ഇല്ല. അവിടെ വെറ്ററിനറി കോളേജ് ആരംഭിക്കുന്നതു സംബന്ധിച്ച് ശുപാർശകളൊന്നും നിലവിലില്ല. |

Bonthoshiaby

സെക്ഷൻ ഓഫീസർ